# പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *71 — 10.02.2016 -ൽ മറുപടിക്ക്

## ശ്രീ ചിത്രാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസിലെ ചികിത്സാ നിരക്ക് വർദ്ധന

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. തോമസ് ഉണ്ണിയാടൻ :<br>,, സി. എഫ്. തോമസ് :<br>,, മോൻസ് ജോസഫ് :<br>,, റ്റി. യു. കുരുവിള : | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) ശ്രീ ചിത്രാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസിൽ സാമ്പത്തിക പ്രതിസന്ധിയുടെ പേരിൽ ചികിത്സാ നിരക്കുകൾ വർദ്ധിപ്പിച്ചത് സാധാരണക്കാരെ ബുദ്ധിമുട്ടിലാക്കിയത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ;<br><br>(ബി) നിർദ്ധനരായ രോഗികൾക്ക് പ്രതിലോമകരമായി ഭവിക്കുന്ന ചികിത്സാ നിരക്ക് വർദ്ധനവ് പിൻവലിക്കുന്നതിനും പ്രസ്തുത ആശുപത്രിയുടെ പ്രവർത്തനത്തിന് ആവശ്യമായ കേന്ദ്രവിഹിതം ലഭ്യമാക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ ആവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുമോ ? | (എ) & (ബി) വർദ്ധിച്ചുവരുന്ന ചെലവുകൾ കണക്കിലെടുത്ത് കാലാകാലങ്ങളിൽ കൃത്യമായ ഇടവേളകളിൽ ശ്രീ. ചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസ് & ടെക്നോളജി ചികിത്സാ നിരക്കുകൾ പുനർനിർണ്ണയിക്കാറുണ്ട് എന്നും 2016 -ൽ ചികിത്സാ നിരക്കുകൾ 15% വർദ്ധിപ്പിച്ചത് സാമ്പത്തികമായി പിന്നോട്ട് നിൽക്കുന്ന രോഗികളെ ബാധിക്കാതിരിക്കുവാൻ വേണ്ട നടപടികൾ ഇൻസ്റ്റിറ്റ്യൂട്ട് കൈക്കൊണ്ടിട്ടുണ്ട് എന്നും നിലവിലുണ്ടായിരുന്ന സബ്സിഡി പഴയതുപോലെ തുടരുന്നതിനാൽ, ഇപ്പോഴത്തെ നിരക്ക് വർദ്ധനവ്, സാധാരണക്കാരെ കാര്യമായ സാമ്പത്തിക ബുദ്ധിമുട്ടിലാഴ്ത്തിയിട്ടില്ല എന്നുമാണ് ഇൻസ്റ്റിറ്റ്യൂട്ട് അറിയിച്ചിരിക്കുന്നത്. |

സെക്ഷൻ ഓഫീസർ